

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KLM/P11/2028/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/12/2024
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3.കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P11/2028/24

തീയ്യതി: 26/12/2024

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 30-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.അമ്പിളി.എം.ഡി	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	01-11-2024	06-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
01-11-2024	06-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അനിൽ.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അമ്പിളി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയകൃഷ്ണൻ.എം.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.ഹർഷകുമാർ	പ്രസിഡന്റ്	01-04-2023	24-01-2024
ശ്രീ.എസ്.രഞ്ജിത് കുമാർ	പ്രസിഡന്റ്	25-01-2024	31-03-2024
ശ്രീ.അരുൺരാജ്.പി.എൻ	സെക്രട്ടറി	01-04-2023	04-02-2024
ശ്രീ.ദിനിൽ.ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-02-2024	03-03-2024
ശ്രീമതി.സുമ.ഐ.വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീ (വ
ശ്രീമതി.ആശ.എസ്	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-20
ശ്രീമതി.അശ്വതി.എസ്.നായർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-20
ശ്രീ.സുബിൻ.എസ്	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-20
ശ്രീ.സന്തോഷ്.എ.ജി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2023	19-20
ശ്രീമതി.അർച്ചന.ബി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	19-05-2023	05-20
ശ്രീ.അഭിജിത്ത് കുമാർ.വി.പി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	06-09-2023	20-20
ശ്രീമതി.റീജ.എം	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	21-10-2023	10-20
ശ്രീ.നിഖിൽ.കെ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ (അധിക ചുമതല)	11-01-2024	19-20
ശ്രീ.ലിജു.ജോൺ	അഗ്രികൾച്ചർ ഓഫീസർ, മേലില	20-02-2024	31-20

	(അധിക ചുമതല)		
ശ്രീ.സന്തോഷ് കുമാർ.എസ്	അസി. എക്സിക്യൂട്ടീവ് എൻജിനീയർ	01-04-2023	31-20
ഡോ.ശോഭ.കെ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-04-2023	31-20
ശ്രീമതി.പ്രിയ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	09-20
ശ്രീ.ശ്രീജിത്ത്.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	10-07-2023	31-20
ശ്രീമതി. ജയകുമാരി ജെ	ശിശുവികസന ഓഫീസർ (ചാർജ്)	01-04-2023	17-20
ശ്രീമതി. ഉഷാറാണി	ശിശുവികസന ഓഫീസർ	18-08-2023	31-20
ശ്രീമതി. ജയകുമാരി ജെ	ശിശുവികസന ഓഫീസർ (അഡീഷണൽ)	01-04-2023	31-20

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	വിവിധയിനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.	1-1-2
4	പദ്ധതി ചെലവ് തുക വാർഷിക കണക്ക്/ സുലേഖ പത്രിക എന്നിവയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല	1-1-3
5	ട്രഷറി പെയ്മെന്റ് ആകാത്ത തുകകൾ വെബ് സാംഖ്യ എസിആറിൽ നിന്നും ഒഴിവാക്കിയില്ല	1-1-4
6	CFC Tied & Untied വരവ് & ചെലവ് തുകകൾ വാർഷികകണക്ക്, ACR & സുലേഖ സ്റ്റേറ്റ്മന്റ് എന്നിവയിൽ വ്യത്യാസം കാണുന്നു.	1-1-5
7	ബാങ്ക് അക്കൗണ്ടിലെ വരവ് തുകകൾ AFS-ലെ വരവ് തുകയുമായി പൊരുത്തപ്പെടുന്നില്ല- വ്യത്യാസം വിശദീകരിച്ചിട്ടില്ല.	1-1-6
8	CFC Tied & Untied Fund ന്റെ മുൻവർഷ നീക്കിയിരിപ്പ് തുക RP-40(A) യിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-7
9	അഡ്വാൻസ് & ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല	1-1-8
10	സെക്യൂർഡ് ലോണിനത്തിൽ B5ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6

16	ക്യാഷ് പരിശോധന	1-7
17	അഭ്യന്തര നിയന്ത്രണം	1-8
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
19	ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-10
20	ഇ-ടെണ്ടർ ഫോറവില	1-11
21	തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകൾ തിരികെ ലഭ്യമാക്കിയില്ല	1-12
22	മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല	1-13
23	കർഷകർക്ക് ഒരു കൈത്താങ്ങ് എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-14
24	ആദ്യ പ്രവൃത്തികൾ പരിശോധിക്കുന്നതിന് മുൻപ് തന്നെ കോൺക്രീറ്റ് കാസ്റ്റിംഗ് നടത്തിയിരിക്കുന്നു	1-15
25	മിനി വ്യവസായ എസ്റ്റേറ്റിന് ഭൂമി വാങ്ങിയത് - തുടർനടപടികൾ സ്വീകരിക്കണം	1-16
26	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല	1-17
27	മരുന്നുകൾ ലഭ്യമായില്ല	1-18
28	വയോജനങ്ങൾക്ക് ആയൂർവേദ മരുന്നു വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല	1-19
29	കോപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്ത ലോണിൽ തിരിച്ചടവ് -അധികബാധ്യത നിലനിൽക്കുന്നു	1-20

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/202 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 1 തീയതിയിലെ 5(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25.06.2024 തീയതിയിൽ എ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളി സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമാ മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാക പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയി അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനു വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാന മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയി അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടു അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസ

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവര കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടിക്കവല ബ്ലോക്ക് പഞ്ച 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അ സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നി സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി- 26-12-2024.

സീനിയർ ഡെപ്യൂട്ടി
കേരള സംസ്ഥാന ഓഡ
ജില്ലാ ഓഡിറ്റ് കാര്യാലയ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

1-1-2 വിവിധയിനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വിവിധയിനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കണക്കിലുൾപ്പെട്ടിട്ടുള്ള കണക്കുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-3 പദ്ധതി ചെലവ് തുക വാർഷിക കണക്ക്/സുലേഖ പത്രിക എന്നിവയിൽ ചെല ഉൾപ്പെടുത്തിയിട്ടില്ല

ഡവലപ്മെന്റ് ജനറൽ പ്രോജക്ട് നം-22/24 ചെലവ് തുക-3,31,660/-രൂപയും, പ്രോജക്ട് നം-25/ തുക-2,10,966/-രൂപയും വാർഷിക കണക്ക്/സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-4 ട്രഷറി പെയ്മെന്റ് ആകാത്ത തുകകൾ വെബ് സാംഖ്യ എസിആറിൽ നിന്നും ഒഴിവാക്കിയില്ല

ACR-ൽ ചെലവായി രേഖപ്പെടുത്തിയെങ്കിലും പേയ്മെന്റ് ആകാത്ത തുകകൾ Web Sankhya ഒഴിവാക്കിയിട്ടില്ല. ഉദാ. പ്രോജക്ട് നം. 42/24 ൽ 10000/-രൂപ, 81/24 ൽ 18,02,200/- രൂപ.

1-1-5 CFC Tied & Untied വരവ് & ചെലവ് തുകകൾ വാർഷികകണക്ക്, ACR & സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യാസം കാണുന്നു.

CFC TIED & UNTIED ചെലവ്

എ.സി.ആർ. & സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക - 22,93,537/-രൂപ.

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക – 30,54,936/-രൂപ.

എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് – 1427058/-രൂപ.

CFC UNTIED വരവ്

എ.സി.ആർ. പ്രകാരമുള്ള വരവ് തുക – 50,33,000/- + 1,82,145/- (പലിശ) = 52,15,145/-രൂപ.

AFS പ്രകാരമുള്ള വരവ് തുക – 56,27,304/-രൂപ.

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Untied & Refund വരവ് – 57,11,861/-രൂപ.

1-1-6 ബാങ്ക് അക്കൗണ്ടിലെ വരവ് തുകകൾ AFS-ലെ വരവ് തുകയുമായി പൊരുത്തപ്പെടുന്നില്ല-വ്യത്യാസം വിശദീകരിച്ചിട്ടില്ല.

MGNREGS ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – 14,81,470.93/-രൂപ.

AFS പ്രകാരമുള്ള വരവ് – 14,92,349/-രൂപ.

MPLAD ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – 66,44,645/-രൂപ.

AFS പ്രകാരമുള്ള വരവ് – 76,55,160/-രൂപ.

IAY ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – 6,72,649/-രൂപ.

AFS പ്രകാരമുള്ള വരവ് – 5,97,649/-രൂപ.

1-1-7 CFC Tied & Untied Fund ന്റെ മുൻവർഷ നീക്കിയിരിപ്പ് തുക RP-40(A) യിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

RP-40(A) പ്രകാരമുള്ള തൻവർഷ മുന്നിരിപ്പ് – 51,34,204/-രൂപ.

മുൻവർഷ നീക്കിയിരിപ്പ്/റിക്കൺസിലിയേഷൻ പ്രകാരം – 53,22,542/-രൂപ.

1-1-8 അഡ്വാൻസ് & ഡെപ്പോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല

RP-47 ൽ ഉൾപ്പെടുത്തിയിരിക്കുന്ന Advance To Others, B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തി Deposit With Kerala Water Authority, Deposit With Ground Water Dept. എന്നിവയുടെ ലഭ്യമാക്കിയിട്ടില്ല.

1-1-9 സെക്യൂർഡ് ലോണിനത്തിൽ B5ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല

B-5 ഷെഡ്യൂളിൽ ലോൺ ഇനത്തിൽ ഉള്ള ലയബിലിറ്റി 1,60,25,652/-രൂപയാണ്. എന്നാൽ വേളയിൽ ഹാജരാക്കിയ വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പ്രകാ ബാദ്ധ്യത – മുതൽ 1,60,25,478/-രൂപയാണ്.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 17.03.2023-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീ

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	3,34,15,709/-രൂപ
വരവ്	8,04,23,286/-രൂപ
ആകെ	11,38,38,995/-രൂപ
ചെലവ്	7,65,75,409/-രൂപ
നീക്കിയിരിപ്പ്	3,72,63,586/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	25,22,231/-രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	ലാപ്സ്
വികസന ഫണ്ട്-ജനറൽ	0	30395000/-	30395000/-	25499500/-*	4895

വികസന ഫണ്ട്-എസ്.സി.പി	0	29094000/-	29094000/-	17733885/-	11360
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് (ബാങ്ക്)	1206908/-	5711861/-	6918769/-	2059707/-	4859(
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് (ബാങ്ക്)	4115634/-	3775000/-	7890634/-	995229/-	6895
മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ്	0	4028000/-	4028000/-	2222495/-	1805
എം.ജി.എൻ.ആർ.ഇ.ജി.എസ്.	0	1481471/-	1481471/-	1481471/-	0
ശുചിത്വമിഷൻ	1256007/-	36690/-	1292647/-	7016/-	1285
MPLAD	2629947/-	6644645/-	9274592/-	5715971/-	3558
Other Grant-Capital	0	910087/-	910087/-	910087/-	0
ഹെൽത്ത് ഗ്രാന്റ്	1293705	43894/-	1337599/-	0/-	1337
ഐ.എ.വൈ	21006985/-	672649/-	21679634/-	3062295/-	1861
വികസന ഫണ്ട്-എസ്.സി.പി-Capital	0	325490/-	325490/-	0	3254

CFC Untied 2022-23 വർഷ നീക്കിയിരുപ്പ് (ബാങ്ക്)-10185704/- Uncashed Cheque Am 188338/-രൂപ കൂടി ഉൾപ്പെടുത്തിയാണ് 2023-24 വർത്തെ CFC Untied ഓപ്പണിംഗ് കണക്കാക്കിയത്.

* പദ്ധതി നം. 22/24 – 331660/-രൂപ & പദ്ധതി നം. 25/24 – 210966/-രൂപ ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർ പ്രോ ശത
107	13,08,54,644/-	46	5,07,20,086/-	8	61	43%

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പ 04-11-2024 തീയതി 02:45-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ പ്രകാരം നീക്കിയിരിപ്പും ഇല്ലായിരുന്നു.

1-8 അഭ്യന്തര നിയന്ത്രണം

* ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമച്ചുമതലകളും സാമ്പത്തിക വികസന പ്രവർ ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവ്വഹണം നടത്തുന്നതിന് ഉതകുന്ന ഭരണ ന പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.
* ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
* പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾ സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമ അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.
* ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേ അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവ്വഹണം സാദ്ധ്യമാ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവ്വഹണാധ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്.
* വികസന പ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ പദ്ധതി നിർവഹണ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.
* പ്രോജക്ട് നടത്തിപ്പുകളിൽ തുടർ മോണിട്ടറിംഗ് സംവിധാനം അനിവാര്യം.
* PMAY ഭവനം, പഠനമുറി നിർമ്മാണം എന്നീ പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ സമയബ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
* വിവിധ പദ്ധതികൾ മുഖേന മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമാ

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോ ലഭിച്ച
പെർഫോമൻസ് ഓഡിറ്റ്	28.11.2022 - 07.12.2022	2021-22	25.04.
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21.06.2019 മുതൽ 24.06.2019 വരെ	2014 മുതൽ 2019 വരെ	14.09.

1-10 ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ കെഎൽ 24 ബി 6171 എന്ന വണ്ടിയു മുതൽ 01-03-24 വരെയുള്ള ലോഗ് ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനാൽ വാഹനത്ത ചേർത്തിട്ടുള്ള ചെക്കുകൾ പ്രകാരം നിറച്ച ഇന്ധനത്തിന്റെ വിവരങ്ങൾ പരിശോധിക്കുവാൻ കഴിഞ്ഞ

ചെക്ക് നമ്പർ തീയതി	മാസം	നൽകിയ തുക (₹)
8547455/9-6-23	4/23 (24-4-23)	7828/-
6186124/26-7-23	5/23	19682/-
6186137/24-8-23	6/23	20059/-
6186175/9-11-23	7/23,8/23	39741/-
6186179/24-11-23	9/23	13415/-
6186191/14-12-23	10/23	16145/-

6617219/3-2-24	11/23,12/23	43054/-
6617249/25-3-24	1/24	19570/-

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,79,494/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സ
ലോഗ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 15/6-11-24.

തടസ്സപ്പെടുത്തിയ തുക – 1,79,494/-രൂപ.

1-11 ഇ-ടെണ്ടർ ഫോറവില

(1) 2023-24 വർഷം നടന്ന ഇ-ടെണ്ടറുകളുടെ ഫോറ വില ഇനത്തിൽ വെട്ടിക്കവല ബ്ലോക്ക് പ
അസി. എക്സി. എഞ്ചിനീയറുടെ (LSGD) SBI, കൊട്ടാരക്കര മെയിൻ ബ്രാഞ്ചിൽ ഉള്ള 37327658
അക്കൗണ്ടിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. ഇ-ടെണ്ടർ
ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ മുൻ വ
ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ
സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം എന്നിവ ലഭ്യമല്ല.

(2) അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കാനറാ ബാങ്ക്, പനവേലി ബ്രാഞ്ചിൽ ഉള്ള 450520
നമ്പർ അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ 2023-24-ൽ 92,630/- രൂപ ലഭിച്ചിട്ടുണ്ട്. ആയ
പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
ഫോറ വില ഇനത്തിൽ ലഭിച്ച തുകകൾ തനതു ഫണ്ടിൽ ഒടുക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേ
ഓഡിറ്റ് എൻക്വയറി നം :- 02/04.11.2024

1-12 തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകൾ തിരികെ ലഭ്യമാക്കിയില്ല

നവകേരള ടെയിനിംഗ് പ്രോഗ്രാം, കേരളോത്സവം എന്നീ പദ്ധതികൾക്കായി ശുചിത്വമിഷനി
യുവജന ക്ഷേമ ബോർഡിൽ നിന്നും ഫണ്ടുകൾ യഥാസമയം ലഭ്യമാകാതിരുന്നതിനാൽ തനത
നിന്ന് യഥാക്രമം 40,490/-രൂപയും, 1,00,000/-രൂപയുമുൾപ്പെടെ 1,40,490/-രൂപ കമ്മിറ്റി തീരുമ
അടിസ്ഥാനത്തിൽ ചെലവഴിച്ചിരുന്നു. എന്നാൽ ഈ തുകകൾ ശുചിത്വമിഷനിൽ നിന്നും, യുവ
ബോർഡിൽ നിന്നും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കിയതായ രേഖകൾ ലഭ്യമാക്കിയി
പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകൾ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്
ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 15/6-11-24.

1-13 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

വിവിധ പദ്ധതികൾക്കായി വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂർ നൽകിയ
ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തുക (₹)	
നവകേരളം മാലിന്യമുക്ത കേരളം	6,000/-	6186166/11-10-23

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ റിന്യൂവൽ	15,000/-	6186165/11-10-23

അഡ്വാൻസുകൾ ക്രമീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകി
എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 04/10/2011 ലെ ജി.ഒ.(പി) നം. 419/11/ഫിൻ പ്രക
വാങ്ങി മുന്ന മാസത്തിനകം ഫൈനൽ ബിൽ നൽകി ക്രമീകരിക്കണമെന്നും, അല്ലാത്തപക്ഷം 1
മുൻകൂർ നൽകിയ തീയതി മുതൽ തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് ഈടാ
വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ 11/10/2023 ൽ നൽകിയ മുൻകൂർ ക്രമീകരിക്കാത്തതിനാൽ 1
സഹിതം ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 15/6-11-24.

1-14 കർഷകർക്ക് ഒരു കൈത്താങ്ങ് എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം	13/24	
പ്രോജക്ടിന്റെ പേര്	കർഷകർക്കൊരു കൈത്താങ്ങ്	
അടങ്കൽ	1,21,12,500/-രൂപ	
ഫണ്ടിനം	വികസന ഫണ്ട് ജനറൽ	28,50,000/-രൂപ
	കേന്ദ്രാവിഷ്കൃത ഫണ്ട്	91,20,000/-രൂപ
	ഗുണഭോക്തൃവിഹിതം	1,42,500/-രൂപ
ചെലവ്	വികസന ഫണ്ട് ജനറൽ	4,09,716/-രൂപ (ബിൽ നം. 25/27.03/2024)

1)വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ നൂതന പദ്ധതിയായി ആവിഷ്കരിച്ച കർഷകർക്ക് ഒരു
എന്ന പദ്ധതി (13/24 അടങ്കൽ തുക 1,21,12,500/-രൂപ) പാതി വഴിയിൽ ഉപേക്ഷിച്ചു.
ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 114 വനിതകളായ ഗുണഭോ
കർഷകർക്ക് കൈത്താങ്ങ് പദ്ധതിയിലൂടെ ആനുകൂല്യം നൽകാനായിരുന്ന പദ്ധതി ആവിഷ്കര
കർഷകരായ വനിതകൾക്ക് ഒരു കിടാരി, 2 ആട്ടിൻ കുട്ടി, 25 കോഴി കുഞ്ഞുങ്ങൾ, 500/- രൂപയു
തൈകൾ, ഇടവിള കൃഷിക്കുള്ള കിറ്റുകൾ, കൂട് എന്നിവ ഉൾപ്പെടുത്തിയാണ് നൂതന പദ്ധതിക്ക്
നൽകിയത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിടാരി	12000x114	13,68,000/-രൂപ
ആട്ടിൻ കുട്ടി	5000x228	11,40,000/-രൂപ
പച്ചക്കറി തൈകൾ	500x114	57,000/-രൂപ
ട്യൂബേഴ്സ് + 25 കോഴികൾ (500+3250)	3750x114	4,27,500/-രൂപ
കൂട് (എൻ.ആർ.ഇ.ജി.എസ്.)	80000x114	91,20,000/-രൂപ

നാളിതുവരെ ഈ പദ്ധതിയിൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	ഇനം	ഇൻവോയിസ് നമ്പർ	തുക (₹)	നൽകി (₹)
VFPCK	പച്ചക്കറി തൈകൾ	KLM 2324/P15/25-3-24	57,000/-	57,000/

Kerala State Poultry Farm	Layer Birds (45-60 Days) Gramasree	PRF 20(1)/2023-24/ 18-3-24	3,74,500/- (2850 X130)+ 4000 Transportation	3,52,71
	Transportation		4,000/-	4,000/-

VFPCK യുടെ, കേരള പൗൾട്രി ഫാമിന്റെ ഇൻവോയ്സ് പ്രകാരം പച്ചക്കറിതൈകളുടെ കോഴിക്കുഞ്ഞുങ്ങളുടെ വിലയും മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും പച്ചക്കറിതൈയും, കോഴിയും ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് അഡ്വാൻസായി തുക നൽകാൻ അനുവാദമില്ലാത്ത സാഹ അഡ്വാൻസായി തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതി പ്ര വനിത ഗുണഭോക്താക്കൾക്കും തൊഴുത്ത്, ആട്ടിൻ കൂട് കൃഷി സൗകര്യങ്ങൾ ഒരുക്കുക എന്ന ഇതിൽ ആവിഷ്കരിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ന പദ്ധതി നൂതന പദ്ധതിയായി ആവിഷ്കരിച്ച് വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്ര അനുവാദം വാങ്ങിയിരുന്നു എങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി പ്ര വനിത ഗുണഭോക്താക്കൾക്കും തൊഴുത്ത്, ആട്ടിൻ കൂട് കൃഷി സൗകര്യങ്ങൾ ഒരുക്കി ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പൗൾട്രി ഫാം നല്കിയിരിക്കുന്ന ഇൻവോയ്സ് പ്രകാരം 4 ട്രാൻസ്പോർട്ടേഷൻ ചാർജ് ആയിട്ടാണ് നൽകിയിരിക്കുന്നത്. 28/05/2022 ലെ സ.ഉ.(കൈ)നം. തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3(33) പൊതു നിർദ്ദേശങ്ങൾ ക്രമ നം. 2 പ്രകാരം അ മുതലായവയുടെ ജില്ലാതല യൂണിറ്റ് വില കണക്കാക്കുമ്പോൾ ഇൻഷ്വറൻസ്, കടത്തുകൂലി ഉൾപ്പെടുത്താൻ പാടില്ലെന്നും അവ ഗുണഭോക്താക്കൾ വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതിനാ രൂപ കടത്തുകൂലിയിനത്തിൽ മുൻകൂർ നൽകിയിട്ടുള്ളത് അംഗീകരിക്കുന്നില്ല. ട്രാൻസ്പോർട്ടേഷ 4,000/- രൂപ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയ്ക്കായി ബിൽ നമ്പർ 2 പ്രകാരം ചെലവഴിച്ച 4,09,716/- രൂപയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ ക്രമവ നൽകിയ 4,000/- രൂപ നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ 4,05,716/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നൂതന പദ്ധതിയായി ആവിഷ്കരിച്ച പ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ 4/5-11-24.

തടസ്സപ്പെടുത്തിയ തുക 4,05,716/- രൂപ

നിരാകരിച്ച തുക 4,000/- രൂപ

2) ബ്ലോക്ക് പഞ്ചായത്തിന്റെ നൂതന പദ്ധതി ആയ കർഷകർക്ക് കൈത്താങ്ങ് പദ്ധത ഗുണഭോക്തൃഹിതമായ 1,250/- രൂപ ഇനത്തിൽ ഓരോ ഗുണഭോക്താക്കളിൽ നിന്നും പിരിക്കേണ്ട ഈ പദ്ധതി പ്രകാരം 114 ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് ബ്ലോക്ക് പഞ്ചായത്ത് അ ഒടുക്കുവരുത്തേണ്ടതായിരുന്നു. എന്നാൽ 108 ഗുണഭോക്താക്കളുടെ തുകകൾ മാത്രമേ ഗ്രാമപഞ നാളിതുവരെ ഒടുക്കിയതായി കാണുന്നുള്ളൂ. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

രസീതു നമ്പർ	തീയതി	തുക (₹)
7/1736	22-2-24	13750/-
8/1736	18-3-24	75000/-
9/1736	30-3-24	13750/-
1/1737	22-4-24	8750/-

3/1737	3-6-24	7500/-
5/1737	6-9-24	12500/-
6/1737	7-10-24	3750/-
ആകെ		1,35,000/-

തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കു വരുത്തിയതിന്റെയും, ആയത് ട്രഷറിയിൽ ഒടുക്കു വ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ തുകകൾ എത് ഗ്രാമപഞ്ചായത്തി ഗുണഭോക്താക്കളുടേത് ആണെന്ന് പരിശോധിക്കാനായി യാതൊരു രേഖകളും ലഭ്യമാക്കിയിട്ടി ആറ് ഗുണഭോക്താക്കളുടെ തുക ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 114 ഗുണഭോക തുക ഒടുക്കിയതിന്, 12-4-2006 തീയതിയിലെ GO(P) 177/2006/Fin/Annexure C_X പ്രകാരമു നൽകുന്നതിനു പകരം വെള്ളപേപ്പറിൽ കമ്പ്യൂട്ടറിൽ പ്രിന്റ് ചെയ്ത രസീതാണ് നൽകിയിരിക്കുന്നത വ്യക്തമാക്കാനാമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

114 ഗുണഭോക്താക്കൾ തുക ഒടുക്കിയതായി രസീത് നൽകിയിട്ടുണ്ടെങ്കിലും, 108 ഗുണഭോ മാത്രമാണ് തുക ഒടുക്കിയതായി ബ്ലോക്ക് പഞ്ചായത്ത് രേഖകൾ ഹാജരാക്കിയിട്ടുള്ളത്. അവ ആറ് ഗുണഭോക്താക്കൾ ഒടുക്കിയ തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കു വരുത്താത്തതിന്റെ വിശദമാക്കേണ്ടതും, ആറ് ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം 1250x6=7500/-രൂപ പഞ്ചായത്തിൽ ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. രൂപ ഒടുക്കു വരുത്തുന്നതിൽ 7500/-രൂപ ഏത് പഞ്ചായത്തിൽ നിന്നാണെന്നത് വ്യക്തമാക്കാത്ത സാഹചര്യത്തിൽ ഒടുക്കിയ വന്ന തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 9/6-11-24.

1-15 ആദ്യ പ്രവൃത്തികൾ പരിശോധിക്കുന്നതിന് മുൻപ് തന്നെ കോൺക്രീറ്റ് കാസ്റ്റിം നടത്തിയിരിക്കുന്നു

മരാമത്ത് പദ്ധതികളുടെ ഫയലുകളിൽ കോൺക്രീറ്റ് സ്പെസിമൻ ടെസ്റ്റ് നടത്തിയതിന്റെ സ അസിസ്റ്റന്റ് എഞ്ചിനിയർ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ പദ്ധതികളിലും സൈറ്റിൽ ഉപ കോൺക്രീറ്റിന്റെ Compressive Strength പരിശോധിക്കുന്നതിനാണ് ഈ ടെസ്റ്റ് നടത്തുന്നത്. സ്പെസിമൻ കോൺക്രീറ്റ് ആരംഭിക്കുമ്പോൾ സൈറ്റിൽ നിന്ന് എടുത്ത് പരിശോധനയ്ക്ക് നൽകേ എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയ എം.ബുക്ക് പ്രകാരമുള്ള തീയതികളും കാസ്റ്റിംഗ് തീയതികളു പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ:-

1. ഇരുവേളിക്കൽ തട്ടാരുമുക്ക് കുളത്തുമൺ റോഡ്. (കുളക്കട ഗ്രാമപഞ്ചായത്ത് 92/24). (Spill O M.Book File No.35045/22.

ചെലവഴിച്ച തുക (തനത് ഫണ്ട്) (ബിൽ നം.16/15-6-23)	1,26,381/-
കാസ്റ്റിംഗ് നടത്തിയ തീയതി	4/3/23
ടെസ്റ്റിംഗ് നടന്ന തീയതി	18/3/23
എം.ബുക്ക് പ്രകാരം ആദ്യം അളവ് നടത്തിയ തീയതി (Surface Dressing)	7/3/23
എം.ബുക്ക് പ്രകാരം കോൺക്രീറ്റ് അളവ് നടത്തിയ തീയതി (PCC 1:2:4)	13/3/23
എം.ബുക്ക് പ്രകാരം അവസാനം അളവ് നടത്തിയ തീയതി	16/3/23

2. കണ്ണംകോട് കശുവണ്ടി ഫാക്ടറി റോഡ് കോൺക്രീറ്റ് (69/24).

M. Book File-43498/22

ചെലവഴിച്ച തുക (തനത് ഫണ്ട്) (ബിൽ നം. 39/27-6-23)	1,46,491/ രൂപ
കാസ്റ്റിംഗ് നടത്തിയ തീയതി	13/01/23
ടെസ്റ്റിംഗ് നടന്ന തീയതി	24/01/23
എം.ബുക്ക് പ്രകാരം ആദ്യം അളവ് നടത്തിയ തീയതി (Scaryfying Bituminous Surface)	18/01/23
എം.ബുക്ക് പ്രകാരം കോൺക്രീറ്റ് അളവ് നടത്തിയ തീയതി (PCC 1:2:4)	24/1/23

മേൽ പ്രവൃത്തികളിൽ ആദ്യ പ്രവൃത്തികൾ പരിശോധിക്കുന്നതിന് മുൻപ് തന്നെ രണ്ടാം പ്രവൃ കാസ്റ്റിംഗ് നടത്തിയതായി രേഖകൾ വ്യക്തമാക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആ കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനിയ മറുപടി പ്രകാരം ആദ്യ പ്രവൃത്തികളായ Surface Dressing, Scarifying എന്നിവ സൈറ്റ് സമയത്ത് തന്നെ അളവെടുക്കുന്നുവെങ്കിലും, കോൺക്രീറ്റ് ചെയ്യുമ്പാൾ അളവിൽ ഉണ്ടാകുന്ന വ്യത്യ കോൺക്രീറ്റ് കഴിഞ്ഞതിനു ശേഷമുള്ള അളവുകൾ കൂടി പരിശോധിച്ച ശേഷമാണ് E-M രേഖപ്പെടുത്തിയിട്ടുള്ളതെന്നും, എന്നാൽ ക്യൂബ് ടെസ്റ്റ് പരിശോധനയ്ക്ക് അയച്ച കത്തിൽ പറയുന്ന തീയതിയിൽ തന്നെ കോൺക്രീറ്റ് നടന്നതായും അറിയിച്ചു.

എന്നാൽ ഇത് ബോധ്യമാക്കുന്ന ഒരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇ-എം. ബുക്കിലൂടെയാണ് ഒരു പ്രവൃത്തി നടന്നതിന്റെ കൃത്യത വിലയിരുത്തപ്പെടുന്നത്. എന പ്രവൃത്തികളിലെ എം.ബുക്കിൽ നിന്ന് സ്ഥലപരിശോധന രേഖപ്പെടുത്തലുകളിൽ കൃത്യത പാലിക്കു മറുപടി സാധൂകരിക്കുന്നു. എം.ബുക്ക് തയ്യാറാക്കുമ്പോൾ ഉത്തരവാദിയായ ഉദ്യോഗസ്ഥർ പുലർത്തേണ്ടതാണ്.

(**ഓഡിറ്റ് എൻക്വയറി-1/4-11-24**)

1-16 മിനി വ്യവസായ എസ്റ്റേറ്റിന് ഭൂമി വാങ്ങിയത് - തുടർനടപടികൾ സ്വീകരിക്കണ

പ്രോജക്ട് നം.	32/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ (വികസനഫണ്ട്) (പൊതുവിഭാഗം)	59,00,000/-രൂപ
ചെലവഴിച്ച തുക, ബിൽ നം.	58,99,941/-രൂപ (23040163064801224730/23 24)
സ്ഥലവിസ്തീർണ്ണം	35 ആർ 83 എം^{2}

5/11/24ന് നടത്തിയ സ്ഥലപരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സദാനന്ദപുരം റോഡ് സൈഡിൽ വാങ്ങിയിട്ടുള്ള വസ്തുവിൽ നാല് വശത്തും പൂർണ്ണമായ രീതിയ കെട്ടിയിട്ടില്ലെന്ന് കാണുന്നു. വസ്തുവിൽ, വസ്തു ബ്ലോക്ക് പഞ്ചായത്ത് മിനി വ്യവസായ വാങ്ങിയതാണ് എന്നുള്ള സൂചന ബോർഡ് സ്ഥാപിച്ചിട്ടില്ല. വസ്തു ബ്ലോക്ക് പഞ്ചായത്തിന്റെ ഉൾപ്പെടുത്തിയതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ

എൻകൃയറിക്ക്, പാറക്കല്ല് ഉപയോഗിച്ച് ഭാഗികമായും, ബാക്കിയുള്ള ഭാഗത്ത് സർവ്വേ കല്ലുകൾ അതിർത്തി നീർണ്ണയിച്ചിട്ടുണ്ട് എന്നും ഐ.ഇ.ഒ. മറുപടി ലഭ്യമാക്കി. ചുറ്റുമതിൽ നിർമ്മാണം, സ്ഥാപിക്കൽ എന്നിവ തുടർന്ന് നടപ്പിലാക്കുന്നതാണെന്നും, വസ്തുവിന്റെ അസൽ പ്രമാണം, മറ്റ് രേഖകൾ എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ പക്കലായതിനാൽ ആസ്തിയിൽ ഉൾപ്പെടുത്തുന്നത പഞ്ചായത്ത് ആയിരിക്കും എന്നും അറിയിച്ചു. 59,00,000/-രൂപ ചെലവഴിച്ച് വാങ്ങിയ വസ്തു പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ രേഖകളും, വസ്തു ബ്ലോക്ക് പഞ്ചായത്തിലേ പോക്കു വരവു ചെയ്ത രേഖകളും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി-6/5-11-24

1-17 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം – 103/24, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ഫണ്ട് അടങ്കൽ – വികസന ഫണ്ട് (എസ്.സി.പി) 23,75,000/-രൂപ.

ചെലവ് - 23,75,000/-രൂപ.

യൂണിറ്റ് ചെലവ് – 2,00,000/- രൂപ.

2022-23 സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചതിൽ ചുവടെ സൂ ഗുണഭോക്താക്കൾ 2023-24 വർഷം രണ്ടാംഗഡു കൈപ്പറ്റിയതിനുശേഷം നാളിതുവരെയായ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	തുക കൈപ്പറ്റിയതിന്റെ വിവരം, (₹) ബിൽ നം/തീയതി
1	സുകന്യ എസ്, ആവിയോട്ട്മുകൾ, ചരുവിളവിള വീട്	50,000/-(27/2/23) RBI0602323318347 75,000/-, 5/8-6-23
2	ചിന്നമ്മ, മാമൂട്ടിൽ, ചരുവിളവീട്, വാളകം	50,000/-, RBI0892379564560 75,000/-, 11/30-6-23
3	അജീഷ് കുമാർ, അജീഷ് ഭവൻ, ചെറുമങ്ങാട്	50,000/-RBI0612328773270 75,000/-, 12/5-7-23

പ്രോജക്ട് നം. –11/24, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ.

ഫണ്ട് അടങ്കൽ – വികസന ഫണ്ട് (എസ്.സി.പി) 38,00,000/-രൂപ.

ചെലവ് - 5,70,000/-രൂപ.

യൂണിറ്റ് ചെലവ് – 2,00,000/- രൂപ.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	തുക കൈപ്പറ്റിയതിന്റെ വിവരം, ബിൽ നം/തീയതി

1	സന്തോഷ് കെ, ചരുവിളപുത്തൻ വീട്, ചക്കുവരക്കൽ	30000/-, 42-2/3/24
2	അഹല്യ എസ്, മുകളുവിളവീട്	30000/-, 50/ 19-3-24

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്ക വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകൃയറിക്കുള്ള മറുപടിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഠനമുറി പൂർത്തീകരിക്കാത്തതിനാൽ രണ്ടു പദ്ധതികളിലായി ചെലവഴിച്ച 4,35,000/-രൂപ തടസ്സ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാത്ത തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് തടസ്സം – 4,35,000/-രൂപ.
ഓഡിറ്റ് എൻകൃയറി നം-3/5-11-24.

1-18 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം. – 114, മരുന്ന വാങ്ങൽ.

മെയിന്റനൻസ് ഫണ്ട് അടങ്കൽ – ₹8,00,000/-

ചെലവ് – ₹8,00,000/-

പ്രോജക്ട് നം. – 42
വികസനഫണ്ട് അടങ്കൽ- ₹6,00,000/-
ചെലവ് - ₹4,64,749/-
2023-24 വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് മരു പാലിയേറ്റീവ് കെയർ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് KMSCL-ന് തുക നൽകിയെങ്കി നാളിതുവരെയായി ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രൊഫോർമ ഇൻവോയ്സ് നം/നൽകിയ തുക/ ബിൽ നം/തീയതി	ലഭ്യമായ മരുന്നുകളുടെ തുക (₹)	ലഭിക്കാ മരുന്നു തുക (₹)
42-പാലിയേറ്റീവ്	Prf 2900dtd1/1/24/ ₹177369/-, 198/17-1-24	1,22,057/-	55,312/
114/മരുന്നുവാങ്ങൽ	Prf 2034/9-11-23/₹300000/- 121/23-11-23	2,01,424/-	98,576/
114/മരുന്നുവാങ്ങൽ	Prf1767/Dtd19-10-23/₹500000/- 120/23-11-23	4,51,867/-	48,133/

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എ മറുപടി നൽകിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കുന്നതുവരെ ഈ ചെലവഴിച്ച 2,02,021/- രൂപ തടസ്സപ്പെടുത്തുന്നു. പാലിയേറ്റീവ് പദ്ധതികൾക്ക് മുൻഗണ തുക മരുന്നുകൾ യഥാസമയം ലഭ്യമാക്കാതെ പാലിയേറ്റീവ് പ്രവർത്തനം തടസ്സപ്പെടുന്നതിനാൽ ആ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക- 2,02,021/- രൂപ.
ഓഡിറ്റ് എൻകൃയറി നം-8 തീയതി-6/11/24.

1-19 വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല

സി.ഡി.പി.ഒ. വെട്ടിക്കവല അഡീഷണൽ നിർവഹണദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജ ആയുർവേദ മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (137/24) 13 ലക്ഷം രൂപ ഔഷധിയിൽ ന ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ആയുർവേദാശുപത്രികൾ ഉ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ആയുർവേദ മെഡിക്കൽ ഓഫീ പേരിലുള്ള പെർഫോർമാ ഇൻവോയ്സുകൾ പ്രകാരമാണ് 13 ലക്ഷം രൂപ ഔഷധിയിൽ നല്കി നമ്പർ 2/2023-24/25-3-24) പെർഫോർമാ ഇൻവോയ്സ് വിവരങ്ങൾ ചുവടെചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	പെർഫോർമാ ഇൻവോയ്സ് നമ്പർ	തുക (₹)
ഉമ്മന്നൂർ	200228/3-1-24	2,20,000/-
മൈലം	200510/9-1-24	2,20,000/-
വെട്ടിക്കവല	200796/13-1-24	2,20,000/-
കുളക്കട	200420/6-1-24	2,20,000/-
മേലില	199882/29-12-23	2,00,000/-
പവിത്രേശ്വരം	200229/3-1-24	2,20,000/-

മരുന്ന് വാങ്ങൽ പദ്ധതികൾ മെഡിക്കൽ ഓഫീസർ മാത്രം നിർവഹണം നടത്തണ വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ പദ്ധതി സി.ഡി.പി.ഒ. നിർവഹണ ഉദ്യോ നടപ്പിലാക്കുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എ മറുപടി ലഭ്യമാക്കിയില്ല. മേൽ കാരണങ്ങളാലും, മരുന്നുകൾ വാങ്ങിയ ഹാജരാക്കിയിട്ടില്ലാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച 13 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ട ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയതിന്റെ കാരണവും വിശദമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ - 10/6-11-24.

തടസ്സപ്പെടുത്തിയ തുക – 13 ലക്ഷം രൂപ.

1-20 കോപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്ത ലോണിൽ തിരിച്ചടവ് -അധികബാധ്യത നിലനിൽക്കുന്നു

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 14-3-13ലെ 90/13/തസ്വഭവ നം. ഉത്തരവ് പ്രകാരം സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ നിന്ന് 1,60,25,652/-രൂപ ഐ.എ.വൈ. ധനസഹാ വായ്പ അനുവദിച്ചിരുന്നു.

പ്രസ്തുത ലോണിന്റെ മുതൽ പത്ത് വർഷം കൊണ്ട് നിശ്ചിത ഗഡുക്കളായി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തി തിരിച്ചടക്കണമെന്നും പലിശയിൽ 10.75% സർക്കാരും 3.75% ബ്ലോക്ക് പ അടവാക്കണം എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ നാളിതുവരെയായി 174/-രൂപ മാത്രമാ ഇനത്തിൽ അടവാക്കിയത്. 15/9/23ലെ വെട്ടിക്കവല സർവീസ് സഹകരണ ബാങ്കിലെ സ്റ്റേറ്റ്മെ 1,60,25,478/- രൂപ മുതൽ ഇനത്തിലും അന്നേവരെയുള്ള പലിശയും ഉൾപ്പെടെ 3,22,15 ഒടുക്കുവാൻ അവശേഷിക്കുന്നു. മുൻകാല വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഒടുക്കു വരു മൂലമാണ് ബ്ലോക്ക് പഞ്ചായത്തിന് വൻ ബാധ്യതയായി ലോൺ തുക മാറിയിട്ടുള്ളത്.

14.50% പലിശ നിരക്കിൽ ആണ് വായ്പ അനുവദിച്ചത് 262 ഗുണഭോക്താക്കൾക്ക് ധ

നൽകുന്നതിനാണ് തുക ചെലവഴിക്കുകയും ചെയ്ത വായ്പാ തിരിച്ചടവിന് സ്വീകരിച്ച നടപടികൾ ന നൽകിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബാധ്യത തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. മുൻവർഷ റിപ്പോ പരാമർശിച്ചിട്ടുണ്ട്.

എൻകൃയറി നം-13 തീയതി-6-11-24

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവര

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-2024	05.11.2024, 06.11.2024	കെ.എസ്.എ.കെ.എൽ.എം.പി.11/202 തീയതി-13/12/2024

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബ
ജില്ലാ പഞ്ചായത്ത്	2023-24	6,00,000/-	മേലില ഗ്രാമപഞ്ചായത്തിലെ മേലില സൌത്ത് വാർഡിലെ 75-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം	6,00,000/-	
ജില്ലാ പഞ്ചായത്ത്	2023-24	6,00,000/-	വെട്ടിക്കവല ഗ്രാമപഞ്ചായത്തിലെ 70-ാംനമ്പർ അംഗനവാടി കെട്ടിട	6,00,000/-	

			നിർമ്മാണം		
ജില്ലാ പഞ്ചായത്ത്	2023-24	6,00,000/-	കുളക്കട ഗ്രാമപഞ്ചായത്തിലെ പാത്തല വാർഡിലെ 61-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം	6,00,000/-	
ഗ്രാമപഞ്ചായത്ത്	2023-24	2,20,000/-	വെട്ടിക്കവല ഗ്രാമപഞ്ചായത്തിലെ 70-ാംനമ്പർ അംഗനവാടി കെട്ടിട നിർമ്മാണം	2,20,000/-	

4-3 നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്ക തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവ തിരിച്ച ബാക്ക് തുക
				മുതൽ	പലിശ	
I.A.Y. ഭവന പദ്ധതി	ഉത്തരവ് (സാധാ) 2627/2012/ തസ്വഭവ, 18.9.2012	1,60,25,652/-	1,60,25,478/-	-	-	1,60,25,4

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും	രസീത് ന തീയ
2013-14	3(2)	1750/-രൂപ	സി. രാജൻ, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	5/174 09.11.2

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴ അവസ്ഥ

1998-99	-	2001-02	5.13(I)	പുത്തൂർ പ്രീ-മെടിക് ഹോസ്പിറ്റലിലെ അന്തേവാസികൾക്ക് കട്ടിലും, കസേരയും വാങ്ങി വിതരണം	ലഭ്യമല്ല
1998-99	-	2001-02	5.13(Ii)	റഫറൻസ് ലൈബ്രറി വ്യാപനം	-
1999-2000	28	2002-03	7.3(I)	ഗ്രണഭോക്തൃ കമ്മിറ്റി ചെലവ് അനുവദനീയമല്ല	-
1999-2000	29	2002-03	7.3(Ii)	അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണം അധികച്ചെലവ് നിരാകരിക്കുന്നു	-
1999-2000	35	2002-03	7.3(I Ii)	ഭ്രരഹിത പട്ടിക വിഭാഗ പുനരധിവാസപദ്ധതി യോഗ്യതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി	-
2007-08	3-22	2010-11	5.4.2	ഗവ. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGSRY പദ്ധതിയിൽ 31.3.08-ൽ അഡ്വാൻസ് നൽകി	-

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-10	1,59,924/-	ശ്രീ. അരുൺ രാജ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
1-10	19,570/-	ശ്രീമതി. സുമ ഐ. വി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ഇൻ ചാർജ്ജ്)
1-14	4,05,716/-	ശ്രീമതി. സുമ ഐ. വി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ഇൻ ചാർജ്ജ്)
1-17	4,35,000/-	ശ്രീമതി. ആശ എസ്, പട്ടികജാതി വികസന ഓഫീസർ
1-18	2,02,021/-	ശ്രീമതി. ശോഭ.കെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കു
1-19	13,00,000/-	ശ്രീമതി. ജയകുമാരി, ശിശു വികസന ഓഫീസർ, വെട്ടിക്കവല അഡീഷണൽ
ആകെ	25,22,231/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേ മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ജയകുമാരി, ശിശു വികസന ഓഫീസർ, വെട്ടിക്കവല അഡീഷണൽ	ശിശു വികസന ഓഫീസർ, വെട്ടിക്കവല അഡീഷണൽ	ശ്രീഗോകുലം, മേവറം, തട്ട കൊല്ലം.
ശ്രീമതി. സുമ ഐ. വി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ഇൻ ചാർജ്ജ്)	അസിസ്റ്റന്റ് സെക്രട്ടറി, നെടുവത്തൂർ പഞ്ചായത്ത്.	പൊയ്കമംഗലം, കുഴിമതിക പി.ഒ, കരീപ്ര.
ശ്രീമതി. ശോഭ കെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുളക്കട.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുളക്കട.	ശൺമുഖപ്രിയ, മേരാനഗർ മുണ്ടയ്ക്കൽ ഈസ്റ്റ്.
ശ്രീ. അരുൺ രാജ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	അസിസ്റ്റന്റ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.	രാജ് ഭവൻ, ഇയ്യക്കോട്, ക
ശ്രീമതി. ആശ എസ്, പട്ടികജാതി വികസന ഓഫീസർ	പട്ടികജാതി വികസന ഓഫീസർ	മഞ്ചാടി കിഴക്കതിൽ, പാറ (സൗത്ത്), പാവുമ്പ പി ഒ, കരുനാഗപ്പള്ളി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്ക ഖണ്ഡികകളു എണ്ണം
1997-98	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	11
1998-99	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	7
1999-2000	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	10
2003-04	കെ.എസ്.എ.കെ.എൽ.എം.പി-11/31/2018/19.02.18	4
2004-05	കെ.എസ്.എ.കെ.എൽ.എം പി-11/31/2018/19.02.18	9
2005-06	കെ.എസ്.എ.കെ.എൽ.എം പി-11/31/2018/19.02.18	6
2006-07	കെ.എസ്.എ.കെ.എൽ.എം പി-11/31/2018/19.02.18	8

2007-08	എൽ.എഫ്.ക്യു.ഡി.ബി.1518(4)/14/08.07.14	9
2008-09	എൽ.എഫ്.ക്യു.ഡി.ബി.1518(3)/14/08.07.14	10
2009-10	എൽ.എഫ്.ക്യു.ഡി.ബി.1518(2)/14/08.07.14	12
2010-11 & 2011-12	കെ.എസ്.എ.കെ.എൽ.എം.പി-11/552/22/ അദാലത്ത്/ 2011-12/29.08.22	13
2012-13 & 2013-14	കെ.എസ്.എ.കെ.എൽ.എം.പി-11/1552/22/ അദാലത്ത്/2012-13 &2013-14 /29.08.22	5
2014-15 & 2015-16	കെ.എസ്.എ.കെ.എൽ.എം.പി11/1552/22/ അദാലത്ത്/ 2015-16/29.08.22	3
2016-17	കെ.എസ്.എ.കെ.എൽ.എം.പി-11/1984/17/11.12.17	എല്ലാ ഖണ്ഡി
2017-18	കെ.എസ്.എ.കെ.എൽ.എം.പി-11/52/17/17.04.19	എല്ലാ ഖണ്ഡി
2018-19	കെ.എസ്.എ.കെ.എൽ.എം.പി-11/1034/2020/ 20.11.2020	എല്ലാ ഖണ്ഡി
2019-20	കെ.എസ്.എ.കെ.എൽ.എം.പി.11/176/2022/ 05.07.2022	എല്ലാ ഖണ്ഡി
2020-21	കെ.എസ്.എ.കെ.എൽ.എം പി.11/397/22 തീയതി 22/07/2022	എല്ലാ ഖണ്ഡി
2021-22	കെ.എസ്.എ.കെ.എൽ.എം പി.11/436/23 Dt. തീയതി 10/04/2023	എല്ലാ ഖണ്ഡി
2022-23	കെ.എസ്.എ.കെ.എൽ.എം പി.11/1571/23 Dt. തീയതി 09/10/2023	എല്ലാ ഖണ്ഡി

സീനിയർ ഡെപ്യൂ
ജില്ലാ ഓഡിറ്റ് കാര്യാല
കേരള സംസ്ഥാന ഓ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number V(1) dated 15-06-2024 and submitted on 25-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Vettikavala Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual

Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vettikavala Block Panchayat as on 31-03-2024

Date: 26/12/2024

Senior Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Vettikavala Block Panchayat for the Year 2023-2024 .

1.Major Observations

Nil

2.Other Observations

1. Financial statements such as ratios & notes to accounts prescribed in accounting rules are not submitted for audit :-

Ratios & Notes to accounts.

2. Deposit register is not properly maintained.
3. The expenditure incurred in project No-22/24 (Rs. 3,31,660/-), and 25/24 (Rs. 2,10,966/-) are not included in Annual Financial Statement and Sulekha statement.
4. The unpaid amount from Treasury account are not excluded from Web Sankhya ACR. i.e. Rs. 10,000/- expended from Development Fund-General in Project No 42/24 and Rs. 18,02,200/- Maintanance Fund (Non Road) are not excluded.
5. The expenditure amount in the bank statement of CFC Tied & Untied fund is not matching with the expenditure amount in Sulekha/ACR& AFS.
6. The amount included in AFS is not matching with Bank account.

Eg. Receipt in MGNREGS Bank account- Rs. 14,81,47,093/-

Receipt in AFS-Rs. 14,92,349/-
MPLAD Bank account- Rs. 66,44,645/-
MPLAD AFS - Rs. 76,55,160/-
IAY Bank Account Rs. 6,72,649/-
IAY AFS Rs. 5,97,649/-

7. The previous year closing balance in respect of CFC Tied and Untied fund is not reconciling with current years opening balance in AFS, OB as per RP40(a) Rs. 51,34,204/-. Actual closing balance as per 2022-23 is Rs. 53,22,542/-.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.